(ബി) കേരളത്തിലെ കാവുകളുടെയും കാവുകളുടെ ഉള്ളിലുള്ള കുളങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുകയും ചെയ്യുന്നു :

1. കാവുകളിലെ സസ്യജന്യ വൈവിധ്യം തിട്ടപ്പെടുത്തുക.

2. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക, സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കുള നിർമ്മാർജ്ജനം ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

3. സംരക്ഷണത്തിനായി കാവിനുചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

(സി) ഈ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള നിർവ്വഹണ ചുമതല വഹിക്കുന്നത് ഓരോ ജില്ലയിലേയും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ്.

കൃഷിരക്ഷാ പദ്ധതി

268(3090) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കൃഷി രക്ഷാപദ്ധതിയിൽ ഉൾപ്പെടുത്തി മലയാറ്റൂർ, വാഴച്ചാൽ ഡിവിഷനുകൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ;

(ബി) ഈ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES-Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676 പദ്ധതിയിൽപ്പെട്ട കൃഷിരക്ഷാപദ്ധതിയുടെ നടത്തിപ്പിനായി മലയാറ്റൂർ, വാഴച്ചാൽ എന്നീ ഡിവിഷനുകൾക്ക് 3 ലക്ഷം രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ടി ഇക ഉപയോഗിച്ച് മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയ്ഞ്ചിൽ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും വാഴച്ചാൽ ഡിവിഷനിൽ സൗരോർജ്ജ വേലികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികളും നടന്നുവരുന്നു.

(സി) ജൂൺ മാസത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി സൗരോർജ്ജ വേലികളുടെ നിർമ്മാണം ഉടനടി ആരംഭിക്കുന്നതാണ്.

ഇക്കോ കേഡറ്റ് കോർ

269(3091) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ; വിശദമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതി സംരക്ഷണത്തിന് ഭാവിതലമുറയെ (സ്കൂൾ വിദ്യാർത്ഥികൾ) സജ്ജമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly